Talented Bankers Literary Panel
പുസ്തക പരിചയം 188

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

വർത്തമാനപ്പുസ്തകം
പാറേമ്മാക്കൽ ഗോവർണദോർ.

ഭാരതീയഭാഷകളിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥം എന്ന പേരിലാണ് വർത്തമാനപ്പുസ്തകം അറിയപ്പെടുന്നതെങ്കിലും ഇത് എഴുതപ്പെട്ടിരിക്കുന്നത് വെറുമൊരു യാത്രാവിവരണഗ്രന്ഥമായിട്ടല്ല. 1800 കൾക്കു മുൻപ് കേരളത്തിലെ തദ്ദേശീയരായ ക്രൈസ്തവർ നേരിട്ടു കൊണ്ടിരുന്ന ദുരവസ്ഥകളും അതിൽ നിന്നു മോചിതരാവാൻ അവർ നടത്തിയ പരിശ്രമങ്ങളും ജനങ്ങളിലെത്തിക്കുക എന്നതായിരുന്നു ഗ്രന്ഥകർത്താവായ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ (ഗോവർണദോർ) ലക്ഷ്യം. പ്രസ്തുത പരിശ്രമങ്ങളുടെ ഭാഗമായി കത്തനാർക്ക് ആഫ്രിക്ക വഴി പോർത്തുഗൽ, റോം തുടങ്ങിയ രാജ്യങ്ങളിലേക്കു സഞ്ചരിക്കേണ്ടി വന്നതിനെ തുടർന്ന് അവിടങ്ങളിൽ എന്തൊക്കെയാണ് തങ്ങൾ ചെയ്തതെന്ന് എഴുതുന്നതിന്റെ ഭാഗമായാണ് വർത്തമാനപ്പുസ്തകം ഒരു യാത്രാവിവരണഗ്രന്ഥമായിക്കൂടി രേഖപ്പെടുത്തപ്പെട്ടത്.

പശ്ചാത്തലം

1600 കളുടെ അവസാനം വരെ കേരളത്തിൽ മെത്രാന്മാരെ നിയമിക്കാനോ മിഷനറി പ്രവർത്തനങ്ങൾക്കായി വൈദികരെ അയക്കാനോ മാർപ്പാപ്പയ്ക്ക് അവകാശമുണ്ടായിരുന്നില്ല. പോർത്തുഗീസ് രാജാവിനായിരുന്നു ഇന്ത്യയിലെ മതഭരണത്തിന്റെ കുത്തക. 1621 ൽ കർമലീത്ത- കപ്പൂച്ചിയൻ സഭകളുടെ നേതൃത്വത്തിൽ 'വിശ്വാസ പ്രചരണ സംഘം (പ്രൊപ്പഗാന്താ)' എന്നൊരു സമൂഹം റോമിൽ സ്ഥാപിക്കപ്പെട്ടു. 1653 ലെ കൂനൻ കുരിശുസത്യത്തോടെ കേരളത്തിലെ ക്രൈസ്തവരുടെ മേൽ സ്ഥാപിച്ച അധികാരം തുടർന്നുകൊണ്ടുപോവാൻ പോർത്തുഗീസുകാർക്കു സാധിക്കാതായി. കേരളത്തിലെ പോർത്തുഗീസ് ആധിപത്യത്തിന് ഡച്ചുകാർ അറുതിവരുത്തിയതും പോർത്തുഗീസുകാരുടെ പിടി അഴിയാൻ കാരണമായി.

ഈ ഘട്ടത്തിലാണ് ഡച്ചുകാരുടെ സഹായത്തോടെ കേരളത്തിലെ ക്രൈസ്തവരുടെ ഭാഗധേയം നിർണയിക്കാൻ പ്രൊപ്പഗാന്താ സംഘം ശ്രമം

തുടങ്ങുന്നത്. കേരളത്തിലെ ക്രിസ്ത്യാനികൾ കൂനൻ കുരിശു സത്യത്തിനു ശേഷം സ്വന്തമായി ഒരു മെത്രാനെ (തൊമ്മാ മെത്രാൻ) വാഴിച്ച് സഭാഭരണം നടത്തിവരികയായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ കേരളത്തിലെ ക്രിസ്ത്യാനികളെ വീണ്ടുമൊരു വിദേശമെത്രാന്റെ കീഴിലേക്കാകർഷിക്കുക അത്ര എളുപ്പമായിരുന്നില്ല.

അതിനാൽ ഡച്ചുകാരുടെ സഹായത്തോടെ അവരെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രമാണ് പ്രൊപ്പഗാന്തക്കാർ പുറത്തെടുത്തത്. അതിനായി അവർ ആദ്യം ചെയ്തതാവട്ടെ നസ്രാണി ക്രിസ്ത്യാനികൾ വാഴിച്ച തോമ്മ മെത്രാന്റെ അടുത്ത ബന്ധുവായ പള്ളിവീട്ടിൽ പറമ്പിൽ ചാണ്ടികത്തനാരെ മെത്രാനായി വാഴിക്കുക എന്നതായിരുന്നു. ഇതിലൂടെ കേരളത്തിലെ ക്രിസ്ത്യാനികളിൽ ഭിന്നിപ്പുണ്ടാക്കാൻ റോമിനു സാധിച്ചു.

ചാണ്ടിമെത്രാനിൽ ആകൃഷ്ടരായി പ്രൊപ്പഗാന്തയുടെ ഭരണത്തിനു കീഴിലണിനിരന്ന ക്രിസ്ത്യാനികൾ കൂടുതൽ ശക്തമായ അടിമത്തത്തിലേയ്ക്കാണ് നിപതിച്ചത്. വിഭാഗീയത സൃഷ്ടിച്ചതിൽ പൂർണമായി വിജയിച്ച റോം, ചാണ്ടി മെത്രാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ അദ്ദേഹത്തിന്റെ ആഗ്രഹത്തിനു വിരുദ്ധമായി ഒരു പോർത്തുഗീസുകാരന് ഇന്ത്യൻ സ്ത്രീയിൽ ജനിച്ച റഫായേൽ നിഗ്വറേദ എന്നയാളെ സഹമെത്രാനായി നിയമിക്കുകയുണ്ടായി. ഈ മെത്രാനാവട്ടെ ആരംഭം മുതൽ തന്നെ ചാണ്ടിമെത്രാനെ ധിക്കരിക്കുകയും എല്ലാ കാര്യങ്ങളിലും തന്നിഷ്ടം പോലെ പ്രവർത്തിക്കുകയും ചെയ്തു.

തുടർന്ന് 1750 കൾ ആയപ്പോഴേക്കും പൂർണമായും റോമിന്റെ കൈപ്പിടിയിലൊതുങ്ങിയ കേരളക്രൈസ്തവ സമൂഹത്തിന്റെ അവസ്ഥ അത്യന്തം പരിതാപകരമായിക്കഴിഞ്ഞിരുന്നു.

വൈദേശീകരായ മേലധികാരികളുടെ ആട്ടും തുപ്പുമേറ്റ് ജീവിക്കേണ്ടിവരുന്ന ദുരവസ്ഥയിൽ നിന്ന് മോചനം നേടാനുള്ള അപേക്ഷകളുമായി ഈ സാഹചര്യത്തിലാണ് ഗ്രന്ഥകർത്താവായ തോമ്മാക്കത്തനാരും റോമിലെ പ്രൊപ്പഗാന്താ കോളേജിൽ പഠിച്ച് വൈദികനായിത്തീർന്ന കരിയാറ്റി ജോസഫ് മല്പാനും ചേർന്ന് പോർത്തുഗീസ് രാജ്ഞിക്കും മാർപ്പാപ്പയ്ക്കും നിവേദനം നൽകാനായി യാത്രതിരിക്കുന്നത്.

യാത്രയെക്കുറിച്ച്

ശത്രുക്കൾക്ക് കൊച്ചി തുറമുഖത്തിൽ സ്വാധീനമുണ്ടായിരുന്നതിനാൽ കൊച്ചി വഴിയുള്ള യാത്ര ഒഴിവാക്കി 1778 മേയ് 7 ന് കോട്ടയത്തെ നീണ്ടൂർ നിന്നാണ് 22 അംഗ ദൗത്യസംഘം യാത്ര ആരംഭിക്കുന്നത്. നടന്നും കാളവണ്ടിയിലും തോണിയിലുമൊക്കെയായി യാത്രചെയ്ത സംഘം കായംകുളം, അഞ്ചുതെങ്ങ്, കളച്ചൽ, തിരുവാങ്കോട്ട്, ഉദയഗിരി,

കാരയ്ക്കൽ വഴി മദ്രാസിലെത്തുകയും തുടർന്ന് 1778 നവംബർ 14 ന്
‘എസ്പെരെസ്സാ‘ എന്ന കപ്പലിൽ പോർത്തുഗീസിലേയ്ക്ക്
യാത്രയാവുകയും ചെയ്യുന്നു. യാത്രച്ചെലവിന് ആവശ്യമായ തുക
കയ്യിലില്ലാത്തതിനാൽ മല്പാൻ, തൊമ്മാക്കത്തനാർ, രണ്ടു വൈദിക
വിദ്യാർത്ഥികൾ എന്നിങ്ങനെ നാലു പേർ മാത്രമാണ് കപ്പലേറുന്നത്.

യാത്രയുടെ ആദ്യഘട്ടത്തിൽ ശരീരം മുഴുവൻ കരപ്പൻ ബാധിച്ച്
സംഘനേതാവ് കരിയാറ്റിൽ മല്പാൻ മരണത്തിന്റെ
വക്കോളമെത്തുന്നുണ്ട്. ശുഭപ്രതീക്ഷാമുനമ്പും (Cape of Good Hope)
കടന്നുപോയ അവരുടെ കപ്പൽ, 1779 ഫെബ്രുവരി രണ്ടിന് പടിഞ്ഞാറൻ
അംഗോളയിലെ ബെൻഗ്വാലയിലെത്തുന്നു. പതിനാലു ദിവസത്തെ
താമസത്തിനു ശേഷം അവിടന്ന് തിരിച്ച അവർ, ആദ്യം ബ്രസീലിലെ
ബഹിയയിലും തുടർന്ന്, ജൂലൈ 18-ന് അവരുടെ ആദ്യലക്ഷ്യമായിരുന്ന
പോർത്തുഗലിലെ ലിസ്ബനിലും എത്തുന്നു.

കേരളസഭയിലേയ്ക്ക് മെത്രാന്മാരെ നിയോഗിക്കാൻ മുൻകൈ
എടുക്കണമെന്നാവശ്യപ്പെട്ട് പോർത്തുഗീസ് രാജ്ഞിക്ക് വിശദമായ
നിവേദനം സമർപ്പിക്കുന്ന സംഘം തുടർന്ന് 1779 നവംബർ 4-ന്
റോമിലേയ്ക്ക് യാത്രയാവുകയും 1780 ജനുവരി 3 ന് എത്തിച്ചേരുകയും
ചെയ്യുന്നു.

വളരെയധികം കഷ്ടപ്പാടുകൾക്കു ശേഷം സംഘത്തിന്
മാർപ്പാപ്പയെക്കാണാൻ സാധിക്കുന്നു. എന്നാൽ “മലങ്കരയിൽ നാടുവാഴുന്ന
രാജാവ് ആരാണെന്നും ക്രിസ്ത്യാനികൾക്ക് വല്ല ദോഷവും
ചെയ്യുന്നുണ്ടോ എന്നും അവിടത്തെ കാലാവസ്ഥ നല്ലതാണോ എന്നും
അവിടെ നല്ല മത്സ്യം കിട്ടുമോ എന്നും മറ്റുമുള്ള" കുശലങ്ങളാണ് മാർപ്പാപ്പ
സംഘാംഗങ്ങളോടു ചോദിക്കുന്നത്.

ഇരുപത്തിരണ്ടു മാസം ദീർഘിച്ച അതിക്ലേശകരമായ തങ്ങളുടെ യാത്ര
സഫലമായി എന്ന വിശ്വാസത്തിലാണ് പുസ്തകരൂപത്തിൽ തയാറാക്കിയ
മാർത്തോമാ മെത്രാന്റെ വിശ്വാസസത്യവും മലങ്കരയിലെ
എഴുപത്തിരണ്ടു പള്ളിക്കാരുടെ അപേക്ഷകളും മല്പാനും കത്തനാരും
ചേർന്ന് മാർപ്പാപ്പയ്ക്കു സമർപ്പിക്കുന്നത്.

എന്നാലോ, മാർപ്പാപ്പയുടെ കാൽ മുത്തി പുറത്തിറങ്ങി അവിടത്തെ
കർദ്ദിനാളുമായി സംസാരിച്ചുകൊണ്ടിരുന്ന സമയത്ത് മാർപ്പാപ്പയുടെ
മുറിയിൽ നിന്ന് ഇറങ്ങി വന്ന പ്രൊപ്പഗാന്തയിലെ മോൺസിഞ്ഞോർ
ബോർജ്യായുടെ കയ്യിൽ തങ്ങൾ മാർപ്പാപ്പയെ ഏല്പിച്ച അപേക്ഷകൾ കണ്ട്
മല്പാനും കത്തനാരും ആകെ തകർന്നു പോകുന്നു. ബോർജ്യായാവട്ടെ,
"നിങ്ങൾ ഇത്രയും കാലം രഹസ്യമായി സൂക്ഷിച്ചിരുന്ന
മലങ്കരപ്പള്ളിക്കാരുടെ സമ്പത്തൊക്കെയും ഇതല്ലയോ" എന്ന്
ആക്ഷേപസ്വരത്തിൽ പറഞ്ഞു ചിരിക്കുകയും ചെയ്യുന്നു.

ഈ അനുഭവത്തെക്കുറിച്ച് ഗ്രന്ഥകാരൻ തുടർന്ന് ഇങ്ങനെ എഴുതുന്നു: നിവേദനം വായിച്ചുനോക്കാതെയും പുസ്തകം തുറന്നു നോക്കുക പോലും ചെയ്യാതെയും വിപരീതബുദ്ധിയായ മോണിസിഞ്ഞോർ ബോർജ്യായെ അദ്ദേഹം ഏല്പിച്ചതോർത്താൽ ആറാം പീയൂസ് എന്നുപേരായ ഈ മാർപ്പാപ്പ ദൈവത്തിന്റെ തിരുസഭയെ എത്ര ഉത്തരവാദിത്തത്തോടെയാണ് ഭരിക്കുന്നതെന്നും നമ്മുടെ ശത്രുക്കൾക്ക് അദ്ദേഹത്തിന്റെ മേൽ എത്ര സ്വാധീനമുണ്ടെന്നും വ്യക്തമാകുമല്ലോ (പേജ് 212).

ദൈവത്തിന്റെ പ്രതിപുരുഷനായ മാർപ്പാപ്പയിൽ നിന്നു പോലും തിരിച്ചടികൾ നേരിട്ടിട്ടും ദൈവം തങ്ങളോടൊപ്പം തന്നെയുണ്ട് എന്ന ഉറച്ചവിശ്വാസത്തിലാണ് മല്പാനും കത്തനാരും തുടക്കം മുതൽ ഒടുക്കം വരെ മുന്നോട്ടു പോവുന്നത്. ആത്മവിശ്വാസം കൂട്ടാൻ ദൈവവിശ്വാസം സഹായകമായേക്കാമെങ്കിലും ജനങ്ങളുടെ ഒന്നാകെയുള്ള മുന്നേറ്റത്തിലൂടെ മാത്രമേ സാമൂഹികപരിവർത്തനം സാധ്യമാവൂ എന്നും അധികാരികളുടെ കരുണയെ മാത്രം ആശ്രയിച്ചുകൊണ്ടിരുന്നാൽ ഒരുതരത്തിലുള്ള വിമോചനവും സാധ്യമാവില്ലെന്നും മാർപ്പാപ്പയിൽ നിന്നുള്ള തിക്താനുഭവത്തിനു ശേഷവും മല്പാനും കത്തനാരും മനസിലാക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്.

തങ്ങൾ ചെന്നെത്തുന്ന സ്ഥലങ്ങളിലെ ഓരോ ചെറിയ വിശേഷവും വിശദമായി തന്നെ ഗ്രന്ഥകാരൻ പ്രതിപാദിക്കുന്നുണ്ട്. ലിസ്ബണിൽ നിന്ന് ജനോവയിൽ എത്തിയ കപ്പൽ യാത്രക്കാർക്ക് നിർബന്ധമാക്കിയിട്ടുള്ള നാൽപ്പതു ദിവസത്തെ ക്വാറന്റൈനെക്കുറിച്ചുള്ള വിവരണമൊക്കെ കൗതുകകരമായി തോന്നി എന്നു മാത്രമല്ല ഇരുനൂറ്റൻപതു വർഷങ്ങങ്ങൾക്കു മുൻപു പോലും പകർച്ചവ്യാധികൾക്കെതിരെ മനുഷ്യൻ എന്തുമാത്രം മുൻ കരുതൽ എടുക്കുമായിരുന്നു എന്ന അദ്ഭുതത്തിനും കാരണമായി.

ഓരോ സ്ഥലങ്ങളിലും മുന്നിടേണ്ടി വന്ന വെല്ലുവിളികളും കപ്പലിൽ വച്ചു നേരിടേണ്ടി വന്ന കൊടുങ്കാറ്റും മാറാരോഗങ്ങളും അതിൽ നിന്നെല്ലാം രക്ഷപെട്ട വിവരങ്ങളും മറ്റും വളരെ വിശദമായി തന്നെയാണ് കത്തനാർ ചിത്രീകരിച്ചിരിക്കുന്നത്. മറ്റെല്ലാം മറന്ന് പുസ്തകത്തിൽ മുഴുകിയാൽ പതിനെട്ടാം നൂറ്റാണ്ടിലേയ്ക്ക് ഒരു സമയയാത്ര നടത്തിയ പ്രതീതിയാണ് ലഭിക്കുക.

മാർപ്പാപ്പയ്ക്കു നൽകിയ അപേക്ഷയുടെ അവസ്ഥ എന്താവുന്നു, മല്പാന്റെയും കത്തനാരുടേയും ലക്ഷ്യം സഫലീകരിക്കപ്പെടുന്നുണ്ടോ, മല്പാന്ന് തിരികെ നാട്ടിലെത്താൻ പറ്റുന്നുണ്ടോ, പ്രൊപ്പഗാന്തക്കാരുടെ കുതന്ത്രങ്ങളെ വെല്ലാൻ കഴിയുന്നുണ്ടോ, തങ്ങൾ നൂറു ശതമാനം വിശ്വസിക്കുന്ന കർത്താവ് രക്ഷക്കെത്തുന്നുണ്ടോ? എല്ലാ

ചോദ്യങ്ങൾക്കുമുള്ള ഉത്തരം ഉദ്വേഗജനകമായ രണ്ടാം പകുതിയിലുണ്ട്. നേരിട്ടു തന്നെ വായിച്ചാസ്വദിക്കുക.

പുസ്തകത്തിലെ ഭാഷ

1700 കളിൽ നിലവിലുണ്ടായിരുന്ന മലയാളത്തിലാണ് പുസ്തകം എഴുതപ്പെട്ടിട്ടുള്ളത്. ആ ഭാഷ മനസിലാക്കിയെടുക്കൽ അല്പം ശ്രമകരമാണ്. എന്നാൽ പ്രൊഫ മാത്യു ഉലകംതറ ഭാഷാന്തരം നടത്തിയ പതിപ്പാണ് ഇപ്പോൾ വിപണിയിൽ ലഭ്യമെന്നതിനാൽ വായന തികച്ചും ക്ലേശരഹിതമാണ്.

ഗ്രന്ഥകാരൻ

1738 സെപ്തംബർ 30-ന് കേരളത്തിൽ മീനച്ചിൽ താലൂക്കിലെ കടനാട് എന്ന സ്ഥലത്ത് ജനനം. കടനാട്ടു പള്ളിയിൽ വികാരിയായിരുന്നു. 1786 മുതൽ 1799 വരെ കൊടുങ്ങല്ലൂർ കത്തോലിയ്ക്കാ രൂപതയുടെ ഗോവർണദോർ (വികാരി ജനറൽ) ആയി സേവനമനുഷ്ഠിച്ചു. 1799 മാർച്ച് 20 ന് അന്തരിച്ചു.

പ്രസാധകർ: ഡി സി ബുക്സ്
പേജ്: 408
വില: 550 രൂപ